1) **27.01.2017 വെള്ളിയാഴ്ച രാവിലെ 11.30 മണിക്ക് ബഹു: ജിസിഡിഎ ചെയർമാൻ ശ്രീ. സി.എൻ.മോഹനൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 476-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.**

**ഹാജർ**

1) ശ്രീ. സി. എൻ. മോഹനൻ, ചെയർമാൻ, ജിസിഡിഎ.
2) ശ്രീ. എം. സ്വരാജ്, എം.എൽ.എ., തൃപ്പൂണിത്തുറ
3) ശ്രീ. കെ.ജെ. മാക്സി, എം.എൽ.എ., കൊച്ചി
4) ശ്രീമതി. ഷിജി ഇ. ചന്ദ്രൻ, ജില്ല ടൗൺ പ്ലാനർ, നഗര-ഗ്രാമാസൂത്രണ വകുപ്പ്, എറണാകുളം.
5) ശ്രീ. എം.സി. ജോസഫ്, സെക്രട്ടറി, ജിസിഡിഎ.

**1. തീരുമാനം നമ്പർ 36/2016-17**

*18.05.2016 ബുധനാഴ്ച കൂടിയ 475-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ.*

18.05.2016-ൽ കൂടിയ 475-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**2. തീരുമാനം നമ്പർ 37/2016-17**

*04.03.2016 - ൽ കൂടിയ 474-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളുടെ തുടർനടപടി കുറിപ്പ്.*

04.03.2016-ൽ കൂടിയ 474-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളുടെ തുടർ നടപടിക്കുറിപ്പ് വായിച്ച് റെക്കോർഡ് ചെയ്തു.

കൂടാതെ താഴെ പറയുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനങ്ങൾ പുനഃപരിശോധിക്കുന്നതിനും തീരുമാനിച്ചു.

a) തീരുമാനം നമ്പർ 310/2015-16

ജെ.എൻ.ഐ. സ്റ്റേഡിയത്തിലെ വനിതഹൗസ് കീപ്പറുടെ കാലാവധി 3 വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകിയത്.

b) തീരുമാനം നമ്പർ 324/2015-16

JNIS Exhibition cum Conventin Centre EIA ക്ലിയറൻസ് പേമെന്റ് നടത്തുന്നത്.

c) തീരുമാനം നമ്പർ 333/2015-16

കലൂർ മാർക്കറ്റ് നവീകരണം ശ്രീ. പ്രിൻസ് ടി. ആന്റണിക്ക് APG 35,35,476/- ഒഴിവാക്കി നൽകുന്നത്.

d) തീരുമാനം നമ്പർ 334/2015-16

മുണ്ടംവേലി ഫിഷ്ഫാം ഉദ്ഘാടനം 1,00,000/- രൂപ അഡ്വാൻസ് നൽകിയത്.

e) തീരുമാനം നമ്പർ 335/2015-16

കലൂരിൽ അഡ്വ. ഹക്കീമിന് ടിയാന്റെ കെട്ടിടത്തിന് മുൻപിലുള്ള സ്ഥലം വിപണി വില ഈടാക്കി രജിസ്റ്റർ ചെയ്ത് നൽകുന്നത്.

f) തീരുമാനം നമ്പർ 337/2015-16

കരിമുകൾ അമൃതകുടീരം പദ്ധതി സ്ഥലത്ത് നിന്നും ഐ.ഒ.സി.യ്ക്ക് ഔട്ട്ലെറ്റ് സ്ഥാപിക്കാൻ 10 വർഷത്തേയ്ക്ക് പാട്ട വ്യവസ്ഥയിൽ സ്ഥലം നൽകിയത്.

g) തീരുമാനം നമ്പർ 340/2015-16

പനമ്പിള്ളിനഗർ ഷോപ്പിംഗ് കോംപ്ലക്സ് കിഴക്ക് ഭാഗത്ത് 4 കാർപാർക്കിംഗ് സ്പേസ് Studio 9-ന് വാടകയ്ക്ക് നൽകിയത്.

h) തീരുമാനം നമ്പർ 341/2015-16

Mundaveli fish farm electric room -ന് വേണ്ടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താത്ത നിർമ്മാണ പ്രവൃത്തികൾക്ക് (Pile തീർക്കുക, Water tank ceiling) 3 ലക്ഷം രൂപ അനുവദിച്ചത്.

i) തീരുമാനം നമ്പർ 342/2015-16

ENTPS-സിവിൽ സർവ്വീസ് ഓഫീസേഴ്സ് ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 50.35 സെന്റ് സ്ഥലം നൽകുന്നത്.

j) തീരുമാനം നമ്പർ 343/2015-16

കലൂർ മണപ്പാട്ടിപ്പറമ്പിൽ കേരള ജുഡീഷ്യൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 34 ആർ സ്ഥലം അനുവദിക്കുന്നത്.

k) തീരുമാനം നമ്പർ 344/2015-16

EWETPS-കോയിത്തറ പാർക്കിനോട് ചേർന്ന് 15 സെന്റ് സ്ഥലം M/s. Heart Care Foundation-ന് വാടകയ്ക്ക് നൽകിയത് സംബന്ധിച്ച് (ലീഗൽ ഒപ്പീനിയൻ എടുക്കണം)

**3. തീരുമാനം നമ്പർ 38/2016-17**

*ജിസിഡിഎ - ധനകാര്യ വിഭാഗം - ഇൻകംടാക്സ് റിട്ടേൺ ഫയലിംഗ്, ടാക്സ് ഓഡിറ്റ് - AY 2016-17-നെ - സംബന്ധിച്ച്. (നം. 2929/എഫ്.ബി1/2016/ജി.സി.ഡി.എ.)*

അതോറിറ്റിയിലെ ഇൻകം ടാക്സ് റിട്ടേൺ ഫയലിംഗ്, ടാക്സ് ഓഡിറ്റ്, AY 2016-17 (FY 2015-16) തുടങ്ങിയ ജോലികൾക്കായി മെ. സണ്ണി ജോസഫ് & അസ്സോസിയേറ്റ്സിനെ 95000/- രൂപ + സർവ്വീസ് ടാക്സ് എന്ന തുകയ്ക്ക് ചുമതലപ്പെടുത്തിയ നടപടി

സാധൂകരിക്കുന്നതിനും ടി ജോലികൾ പൂർത്തീകരിച്ചതിന് ശേഷം മേൽ തുക അനുവദിക്കുന്നതിനും തീരുമാനിച്ചു.

**4. തീരുമാനം നമ്പർ 39/2016-17**

*ജിസിഡിഎ - ധനകാര്യ വിഭാഗം - 2015-16 സാമ്പത്തിക വർഷത്തെ മാസാന്ത്യ കണക്കുകളും വർഷാന്ത്യകണക്കുകളും അംഗീകരിക്കുന്നതു - സംബന്ധിച്ച്. (നം. 4490/എഫ്ഡി4/2015-16/ജി.സി.ഡി.എ.)*

2015-16 സാമ്പത്തിക വർഷത്തെ അതോറിറ്റിയിലെ മാസാന്ത്യ കണക്കുകളും വർഷാന്ത്യ കണക്കുകളും അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**5. തീരുമാനം നമ്പർ 40/2016-17**

*ജിസിഡിഎ - ധനകാര്യ വിഭാഗം - ആദായനികുതി - റിവ്യൂ പെറ്റീഷൻ - AY 2009-10 & 2010-11-വക്കീൽ ഫീസ് സാധൂകരണം ലഭ്യമാക്കുന്നത് - സംബന്ധിച്ച്. (നം. 9406/എഫ്.ബി1/2011/ജി.സി.ഡി.എ.)*

AY 2009-10 & 2010-11 -ലെ ആദായ നികുതി ഡിമാന്റിനെതിരെ ബഹു. ഹൈക്കോടതിയിൽ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്ത വകയിൽ അഡ്വ.റ്റി.എം.ശ്രീധരന് 20,000/- രൂപ വക്കീൽ ഫീസായി നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരമാനിച്ചു.

**6. തീരുമാനം നമ്പർ 41/2016-17**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം - കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം - പൊതു സ്ഥലങ്ങളും ടോയ്ലറ്റും കോമ്പൗണ്ടും വൃത്തിയാക്കുന്ന പ്രവൃത്തിയുടെ അടങ്കൽ അംഗീകരിച്ച് ടെണ്ടർ ചെയ്യുന്നതിനുള്ള അനുമതി - സംബന്ധിച്ച്. (നം. 5537/ഇ2/2014/ജി.സി.ഡി.എ.)*

കലൂർ ജെ.എൻ.ഐ സ്റ്റേഡിയത്തിലെ പൊതു സ്ഥലങ്ങളും ടോയ്ലറ്റുകളും കോമ്പൗണ്ട് ഏരിയയും വൃത്തിയാക്കുന്ന പ്രവൃത്തിക്കായി ഡി.എസ്.ആർ 2014 പ്രകാരം ഒരു വർഷത്തേക്ക് തയ്യാറാക്കിയ 25,20,000/- രൂപയുടെ അടങ്കൽ അംഗീകരിക്കുന്നതിനും ടെണ്ടർ വിളിക്കുന്നതിനും തീരുമാനിച്ചു.

**7. തീരുമാനം നമ്പർ 42/2016-17**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം - കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം, സിഎംഡിഎസ്, ഈസ്റ്റേൺ എൻട്രി- എന്നിവിടങ്ങളിലെ ഫയർ എക്സ്റ്റിങ്ങ്ഗിഷറുകൾ റീചാർജ്ജ് ചെയ്യുന്നതിനും, പുതിയവ വാങ്ങുന്നതിനും ആയുള്ള എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് - സംബന്ധിച്ച്. (നം. 4897/ഇ2/2014/ജി.സി.ഡി.എ.)*

കലൂർ ജെ.എൻ.ഐ സ്റ്റേഡിയം, സി.എം.ഡി.എസ് ഈസ്റ്റേൺ എൻട്രി എന്നിവിടങ്ങളിലെ ഫയർ എക്സ്റ്റിംഗ്വിഷറുകളിൽ കാലാവധി കഴിഞ്ഞവ മാറ്റി പുതിയത് വാങ്ങുന്നതിനും, റീചാർജ്ജ് ചെയ്യുന്നതിനും പഴയവ റിപ്പയർ ചെയ്യുന്നതിനും തയാറാക്കിയ

1,25,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും ടി പ്രവൃത്തി ചെയ്യുന്നതിനും തീരുമാനിച്ചു.

**8. തീരുമാനം നമ്പർ 43/2016-17**

*ജിസിഡിഎ - ധനകാര്യ വിഭാഗം - അതോറിറ്റിയുടെ വിവിധ വർഷങ്ങളിലെ ആദായ നികുതി ഓഡിറ്റിംഗ് & റിട്ടേൺ ഫയൽ ചെയ്യൽ പ്രവൃത്തിക്ക് സ്ഥിരം സംവിധാനം ഒരുക്കുന്നത് - സംബന്ധിച്ച്. (നം. 2929/എഫ്ബി1/16/ജി.സി.ഡി.എ.)*

അതോറിറ്റിയുടെ ആദായനികുതി, ഓഡിറ്റിംഗ്, ടാക്സ് ഓഡിറ്റിംഗ്, റിട്ടേൺ ഫയലിംഗ് ഇതര നികുതികൾ, കണക്കുകൾ മുതലായവയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ സ്ഥിരമായി ചെയ്യുന്നതിന് ഒരു സീനിയർ ചാർട്ടേർഡ് അക്കൗണ്ടന്റിനെ കരാറടിസ്ഥാനത്തിൽ സർക്കാർ അനുമതിക്കു വിധേയമായി നിയോഗിക്കുന്നതിന് തീരുമാനിച്ചു.

**9. തീരുമാനം നമ്പർ 44/2016-17**

*ജീവനക്കാര്യം - ശ്രീമതി. ഷൈനി.ഇ.കെ, ഓവർസിയർ ഗ്രേഡ് I, ശ്രീമതി.ബിനി.കെ.പി, ഓവർസിയർ ഗ്രേഡ് I എന്നിവർക്ക് താൽക്കാലിക ഉദ്യോഗക്കയറ്റം നൽകിയത് - സാധൂകരണം ലഭ്യമാക്കുന്നത് സംബന്ധിച്ച്. (നം. 5245/എസ്റ്റാ.1/17/ജി.സി.ഡി.എ.)*

വിഷയം മാറ്റി വയ്ക്കുന്നതിന് തീരുമാനിച്ചു.

**10. തീരുമാനം നമ്പർ 45/2016-17**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം- അതോറിറ്റിയിലെ EPABX ന്റെ 2016-17 കാലയളവിലെ AMC പുതുക്കുന്നതു - സംബന്ധിച്ച്. (നം. 7724/ഇ1/2016/ജി.സി.ഡി.എ.)*

അതോറിറ്റിയിലെ EPABX സിസ്റ്റത്തിന്റെ 2016-17 കാലയളവിലെ AMCപുതുക്കുന്നതിനായി M/s സതേൺ മാർക്കറ്റിംഗ് എന്ന സ്ഥാപനത്തിന് 26,558/- രൂപയ്ക്ക് വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**11. തീരുമാനം നമ്പർ 46/2016-17**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം- സെക്യൂരിറ്റി ജീവനക്കാരുടെ കരാർ പുതുക്കുന്നതിനും പുതിയ നിരക്കിൽ വേതനം അംഗീകരിക്കുന്നതും- സംബന്ധിച്ച്. (നം. 6941/ഇ3/2011/ജി.സി.ഡി.എ.)*

അതോറിറ്റിയുടെ വിവിധ പദ്ധതി പ്രദേശങ്ങളിൽ സെക്യൂരിറ്റി സേവനം ചെയ്യുന്നതിന് മെ.കേരള സ്റ്റേറ്റ് എക്സ്-സർവ്വീസ് ലീഗുമായുള്ള കരാർ പുതുക്കുന്നതിനും 26.02.16 ലെ ജി.ഒ(പി)നം.28/2016/ഫിൻ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ വേതന നിരക്ക് 2017 ജനുവരി മുതൽ അനുവദിക്കുന്നതിനും തീരുമാനിച്ചു.

**<u>12. തീരുമാനം നമ്പർ 47/2016-17</u>**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം- ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം-ഫിഫ U-17 - എയർകണ്ടീഷണിംഗ് പ്രവൃത്തിയുടെ ടെണ്ടർ നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച്. (നം. 2670/ഇ2/2016/ജി.സി.ഡി.എ.)*

കലൂർ ജെ.എൻ.ഐ സ്റ്റേഡിയത്തിലെ ഫിഫ U-17 നോടനുബന്ധിച്ചുള്ള നവീകരണ പ്രവൃത്തിയായ എയർകണ്ടീഷനിംഗ് നടത്തുന്നതിനായി മെ.കിറ്റ്കോ ലിമിറ്റഡ് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ഇ-ടെണ്ടർ ചെയ്ത നടപടി സാധൂകരിക്കുന്നതിനും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത മെ.എൽ.ജി.ഇലക്ട്രോണിക്സിന് വർക്ക് ഓർഡർ നൽകുന്നതിനും തീരുമാനിച്ചു.

**<u>13. തീരുമാനം നമ്പർ 48/2016-17</u>**

*ജിസിഡിഎ- എഞ്ചിനീയറിംഗ് വിഭാഗം- ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം-ഫിഫ U-17 - സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച്. (നം. 4526/ഇ2/2016/ജി.സി.ഡി.എ.)*

കലൂർ ജെ.എൻ.ഐ സ്റ്റേഡിയത്തിലെ ഫിഫ U-17 നോടനുബന്ധിച്ചുള്ള പ്രധാന പ്രവൃത്തികളിലൊന്നായ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണത്തിന് ടെണ്ടർ ക്ഷണിക്കുകയും 13.01.2017 ലെ ജി.ഒ(ആർ.ടി)നം.105/2017/തസ്വഭവ പ്രകാരം വർക്ക് ഓർഡർ നൽകുകയും ചെയ്ത നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**<u>14. തീരുമാനം നമ്പർ 49/2016-17</u>**

*ജിസിഡിഎ-പൊതുഭരണ വിഭാഗം- ശ്രീ.വിനീഷ്.എ, ഫീൽഡ്മാൻ ചികിത്സാ ചെലവ് മടക്കി നൽകുന്നത് - സംബന്ധിച്ച്. (നം. 6399/ജി2/2016/ജി.സി.ഡി.എ.)*

അതോറിറ്റിയിലെ ഫീൽഡ്മാൻ ശ്രീ.വിനീഷ്.എ-യ്ക്ക് തന്റെ പിതാവിന്റെ കാൻസർ രോഗ ചികിത്സക്കായി ചെലവായ 8,057/- രൂപ റീഇംപേഴ്സ് ചെയത് നൽകുന്നതിന് തീരുമാനിച്ചു.

**<u>15. തീരുമാനം നമ്പർ 50/2016-17</u>**

*ജി.സി.ഡി.എ. - ആസൂത്രണ വിഭാഗം - എളംകുളം വെസ്റ്റ് എക്സ്റ്റൻഷൻ സ്കീം - ശ്രീ.കെ.കെ.സ്റ്റീഫന് പകരം സ്ഥലം അനുവദിക്കുന്നത് - സംബന്ധിച്ച്. (നം.2530/പിഎൽ1/2010/ജി.സി.ഡി.എ.)*

വിഷയം വിശദമായി ചർച്ച ചെയ്തു. എളംകുളം വെസ്റ്റ് എക്സ്റ്റൻഷൻ സ്കീമിൽ അതോറിറ്റി വില്പന നടത്തിയ 612, 613 എന്നീ പ്ലോട്ടുകളിൽ ശ്രീ.കെ.കെ.സ്റ്റീഫൻ, S/o ശ്രീ.കെ.വി.കുര്യാക്കോസ്, കറുകപ്പിള്ളിൽ എന്നയാളുടെ എറണാകുളം വില്ലേജ് സർവ്വേ നമ്പർ 1034/3-ൽപ്പെട്ട 0.82 ആർ സ്ഥലം ഉൾപ്പെട്ടിട്ടുണ്ടെന്ന താലൂക്ക് സർവ്വേയറുടെ

റിപ്പോർട്ടിന്മേൽ പകരം സ്ഥലം നൽകുന്നത് സംബന്ധിച്ച് നിയമോപദേശം ലഭ്യമാക്കുന്നതിനും സർവ്വേ സൂപ്രണ്ടിനെക്കൊണ്ട് സ്ഥിലം അളന്ന് പരിശോധിച്ച ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

**16. തീരുമാനം നമ്പർ 51/2016-17**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം-കുമ്പളങ്ങി ക്രമറ്റോറിയം പുനർ നിർമ്മാണം - extra items - അംഗീകരിക്കുന്നത് സംബന്ധിച്ച്. (നം. 3076/ഇ3/2015/ജി.സി.ഡി.എ.)*

കുമ്പളങ്ങി ക്രമറ്റോറിയത്തിന്റെ നിലവിലുള്ള പഴയ കെട്ടിടം ഒഴിവാക്കിയുള്ള സൈറ്റ് പ്ലാൻ പഞ്ചായത്ത് അംഗീകരിക്കുന്നതിന് കാലതാമസം നേരിട്ടത് കണക്കിലെടുത്ത് കരാർ കാലാവധി 17.04.17 വരെ ദീർഘിപ്പിച്ച നടപടി സാധൂകരിക്കുന്നതിനും extra items അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

**17. തീരുമാനം നമ്പർ 52/2016-17**

*ജിസിഡിഎ - പൊതുഭരണ വിഭാഗം- ചികിത്സാ ചെലവ് മടക്കി നൽകുന്നത് സംബന്ധിച്ച്. (നം. 3843/ജി2/2016/ജി.സി.ഡി.എ.)*

അതോറിറ്റിയിലെ അറ്റൻഡർ ശ്രീമതി.ബിനു ജോസഫിന്റെ മകന്റെ ചകിത്സ ചെലവിനത്തിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് പ്രകാരം ശുപാർശ ചെയ്ത 30,389/- രൂപ അനുവദിച്ച് നൽകുന്നതിന് തീരുമാനിച്ചു.

**18. തീരുമാനം നമ്പർ 53/2016-17**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - കലൂർ കടവന്ത്ര റോഡ് പരസ്യ പ്രദർശനം - കരാർ അനുവദിച്ചത് - സംബന്ധിച്ച്. (നം.3255/ബി-2/എസ്റ്റേറ്റ്/15/ജി.സി.ഡി.എ.)*

അതോറിറ്റി വക കലൂർ-കടവന്ത്ര റോഡിൽ പരസ്യം പ്രദർശിപ്പിക്കുന്നതിനുള്ള അവകാശം ടെണ്ടർ മുഖേന നൽകിയ മെ.സ്പേസ് ആഡ്സ് ഇന്ത്യ എന്ന കരാറുകാരനുമായി ചർച്ച നടത്തിയ ശേഷം കരാർ വയ്ക്കുന്നതിന് തീരുമാനിച്ചു.

**19. തീരുമാനം നമ്പർ 54/2016-17**

*ജി.സി.ഡി.എ. - ആസൂത്രണ വിഭാഗം - ചിലവന്നൂർ ബണ്ട് റോഡ് വികസനം - സർവ്വേ നം.889/1 ൽപ്പെട്ട ശ്രീ.ജോൺസന്റെ സ്ഥലം ഏറ്റടുക്കുന്നത്- സംബന്ധിച്ച്. (നം.1263/പിഎൽ1/2013/ജി.സി.ഡി.എ.)*

വിഷയം വിശദമായി ചർച്ച ചെയ്തു. ചിലവന്നൂർ ബണ്ട് റോഡ് വികസനത്തിനായി എളംകുളം വില്ലേജ് സർവ്വേ നം.889/1-ൽപ്പെട്ട ശ്രീ.ജോൺസന്റെ വകയായ 3 സെന്റ് സ്ഥലം ഏറ്റെടുത്ത് പകരമായി ജിസിഡിഎയുടെ കടവന്ത്ര വെസ്റ്റ് സ്കീമിൽപ്പെട്ട 3.6 സെന്റ് സ്ഥലത്തിൽ നിന്ന് 3 സെന്റ് സ്ഥലം പകരം നൽകുന്നതും ബാക്കി വരുന്ന 0.6 സെന്റ് സ്ഥലം

മാർക്കറ്റ് വില ഈടാക്കി നൽകുന്നതും സർക്കാർ അംഗീകാരം പ്രതീക്ഷിച്ച് അനുവദിക്കുന്നതിനും സർക്കാരിലേക്ക് അപേക്ഷിക്കുന്നതിനും തീരുമാനിച്ചു.

**<u>20. തീരുമാനം നമ്പർ 55/2016-17</u>**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം - ഫിഫ U -17 - കൺസൾട്ടന്റിനെ തെരഞ്ഞെടുത്ത് വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്. (നം.7819/ഇ-2/എഞ്ചിനീയറിംഗ് /2014/ജി.സി.ഡി.എ.)*

അജണ്ട കുറിപ്പിൽ വിവരിച്ച പ്രകാരം ജെ.എൻ.ഐ സ്റ്റേഡിയത്തിലെ groumd renovation /formation എന്നിവ നടത്തുന്നതിന്റെ അടങ്കൽ തയ്യാറാക്കുന്നതിനു മറ്റുമായി മെ.സ്പോർട്സ് ടർഫ് & ഗോൾഫ് എന്റർപ്രൈസസിനെ കൺസൾട്ടന്റായി നിയമിച്ച് വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നതിനും തീരുമാനിച്ചു.

**<u>21. തീരുമാനം നമ്പർ 56/2016-17</u>**

*ജി.സി.ഡി.എ. - ജീവനക്കാര്യം - അന്യത്ര സേവന വ്യവസ്ഥയിൽ അതോറിറ്റിയിലെ ടൈപ്പിസ്റ്റ് തസ്തികയിൽ നിയമിതരായ ശ്രീമതി. ശ്രീനിഷ് വി.ആർ., ശ്രീമതി. ബിജി സി.വി. എന്നിവരുടെ നിയമനം സാധൂകരിക്കുന്നത് - സംബന്ധിച്ച്. (നം.542/എസ്റ്റാ.2/2016/ജി.സി.ഡി.എ.)*

അതോറിറ്റിയിൽ നിലവിലുണ്ടായിരുന്ന രണ്ട് ടൈപ്പിസ്റ്റ് തസ്തികകളിൽ അന്യത്ര സേവന വ്യവസ്ഥ പ്രകാരം ശ്രീമതി. ബിജി.സി.വി(21.10.2016 എഫ്.എൻ മുതൽ), ശ്രീമതി. ശ്രീനിഷ്.വി.ആർ (26.10.2016 എഫ്.എൻ മുതൽ) നിയമിച്ച നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**<u>22. തീരുമാനം നമ്പർ 57/2016-17</u>**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - ജിസിഡിഎ വക കലൂർ-കടവന്ത്ര റോഡിന്റെ കതൃക്കടവ് മുതൽ കലൂർ വരെയുള്ള പുനരുദ്ധാരണ പ്രവൃത്തി (Reach-II) - പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് - സംബന്ധിച്ച്. (നം. ഇ1/796/2016/ജി.സി.ഡി.എ.)*

കലൂർ-കടവന്ത്ര റോഡിന്റെ കതൃക്കടവ് മുതൽ കലൂർ വരെയുള്ള പുനരുദ്ധാരണ പ്രവൃത്തി *(Reach II)* യുടെ കാലാവധി 15.09.16 ൽ അവസാനിച്ച സാഹചര്യത്തിലും ടി പ്രവൃത്തി നടത്തുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്തും 30.01.2017-വരെ കാലാവധി ദീർഘിപ്പിച്ചു നൽകുവാൻ കരാറുകാരൻ അപേക്ഷിച്ച സാഹചര്യത്തിലും നിയമാനുസൃത പിഴയായ 1,00,000/- രൂപ ഈടാക്കി കരാർ കാലാവധി 30.01.2017 വരെ നീട്ടി നൽകുന്നതിന് തീരുമാനിച്ചു.

**23. തീരുമാനം നമ്പർ 58/2016-17**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം - ഫിഫ U-17 - കളിക്കളത്തിൽ പുല്ല് വച്ച് പിടിപ്പിക്കുന്ന പ്രവൃത്തിയുടെ വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച്.*
*(നം. ഇ2/2655/2016/ജി.സി.ഡി.എ.)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ സ്റ്റേഡിയത്തിൽ U-17 ലോകകപ്പ് മത്സരങ്ങൾക്ക് വേണ്ടി കളിക്കളത്തിൽ പുല്ല് വച്ചു പിടിപ്പിക്കുന്ന പ്രവൃത്തിയ്ക്കായി ടെണ്ടർ ക്ഷണിച്ച നടപടിയും പ്രസ്തുത പ്രവൃത്തിക്ക് എസ്റ്റിമേറ്റിൽ നിന്നും 9.33% അധികരിച്ച നിരക്കിൽ വർക്ക് ഓർഡർ നൽകിയ നടപടിയും സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**24. തീരുമാനം നമ്പർ 59/2016-17**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം- ഫിഫ ജനറൽ ലൈറ്റിംഗ് നവീകരണവും പവർ വയറിംഗ് പുനക്രമീകരണവും എന്ന പ്രവൃത്തിയ്ക്ക് വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച്.*
*(നം. ഇ2/2671/2016/ജി.സി.ഡി.എ.)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ സ്റ്റേഡിയത്തിലെ ഫിഫ U-17 നോടനുബന്ധിച്ചുള്ള ജനറൽ ലൈറ്റിംഗ് നവീകരണവും പവർ വയറിംഗ് പുന:ക്രമീകരണവും എന്ന പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.ബിജു.ടി.ബേബിക്ക് വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**25. തീരുമാനം നമ്പർ 60/2016-17**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം- ഫിഫ U-17 - ഫയർ പ്രൊട്ടക്ഷൻ സിസ്റ്റം ലിമിറ്റഡ് ടെണ്ടർ നടപടി അംഗീകരിക്കുന്നത് സംബന്ധിച്ച്.(നം. ഇ2/2800/2016/ജി.സി.ഡി.എ.)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ സ്റ്റേഡിയത്തിൽ ഫിഫ U-17 ലോകകപ്പ് ഫുട്ബോൾ മത്സരങ്ങളോടനുബന്ധിച്ചുള്ള ഫയർ പ്രൊട്ടക്ഷൻ സിസ്റ്റം എന്ന പ്രവൃത്തി ടെണ്ടർ ചെയ്തതിൽ I$^{st}$ lowest ആയ മെ. ഫാത്തിമ എന്റർപ്രൈസസിന് വർക്ക് ഓർഡർ നൽകുകയും തുടർന്ന് ടി കമ്പനിക്ക് സാധുവായ പി.ഡബ്ല്യൂ.ഡി രജിസ്ട്രേഷൻ/ലൈസൻസ് ഇല്ല എന്ന് കണ്ടെത്തിയതിനെ തുടർന്ന് നിയമോപദേശം തേടുകയും പി.ഡബ്ല്യൂ.ഡി രജിസ്ട്രേഷൻ ഇല്ലാത്തതിനാൽ ടി ടെണ്ടർ റദ്ദാക്കുന്നതിനും II$^{nd}$ lowest കരാറുകാരനും കൺസൾട്ടന്റിനും ഒരേ ഫോൺ നമ്പറായതിനാൽ റീടെണ്ടർ നടപടിയാവും ഉചിതമെന്നും ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ലിമിറ്റഡ് ടെണ്ടർ

വിളിക്കുന്നതാണ് ഉചിതമെന്നും നിയമോപദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ലിമിറ്റഡ് ടെണ്ടർ വിളിക്കുന്നതിനുള്ള നടപടി അംഗീകരിച്ചു.

**26. തീരുമാനം നമ്പർ 61/2016-17**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - മറൈൻഡ്രൈവ് ഷോപ്പിംഗ് കോംപ്ലക്സിലെ wiring മാറ്റുന്നതിനും കേടായ Electrical Equipments മാറ്റുന്നതിനുമുള്ള എസ്റ്റിമേറ്റ് അംഗീകരിക്കുന്നതു - സംബന്ധിച്ച്. (നം. ഇ3/3091/2015/ജി.സി.ഡി.എ.)*

മറൈൻ ഡ്രൈവ് ഷോപ്പിംഗ് കോംപ്ലക്സിലെ വയറിംഗ് മാറ്റുന്നതിനും കേടായ Electrical Equipments മാറ്റി പുതിയത് സ്ഥാപിക്കുന്നതിനും എൽ.ഇ.ഡി ട്യൂബ് ലൈറ്റ് സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തിക്കായി 2014 ഡി.എസ്.ആർ പ്രകാരം ടാക്സ് ഉൾപ്പെടെ 3,80,000/- രൂപയ്ക്കുള്ള എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും ടി പ്രവൃത്തി ടെണ്ടർ വിളിച്ച് ചെയ്യുന്നതിനും തീരുമാനിച്ചു.

**27. തീരുമാനം നമ്പർ 62/2016-17**

*ജി.സി.ഡി.എ. - പൊതുഭരണ വിഭാഗം - ശ്രീമതി.രൂപ.ആർ.ടി, സൂപ്രണ്ടിന് ചികിത്സാ ചെലവ് മടക്കി നൽകുന്നത് - സംബന്ധിച്ച്. (നം. 1055/ജി2/2015/ജി.സി.ഡി.എ.)*

അതോറിറ്റിയിലെ സൂപ്രണ്ട് ശ്രീമതി.രൂപ.ആർ.ടിക്ക് തന്റെ അമ്മയുടെ ചികിത്സക്കായി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ ചെലവായ 27,490/- രൂപ ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് പ്രകാരം അനുവദിച്ച് നൽകുന്നതിനും തീരുമാനിച്ചു.

**28. തീരുമാനം നമ്പർ 63/2016-17**

*ജി.സി.ഡി.എ. - നിയമ വിഭാഗം - ശ്രീ.എ.എക്സ് ഗിൽബർട്ട് മുതൽ പേർ ബഹു.ഹൈക്കോടതി ഫയൽ ചെയ്ത എസ്.എൽ.പി 22084/15 നമ്പർ പെറ്റീഷനിൽ വക്കീലിന് ഫീസ് നൽകുന്നത്- സംബന്ധിച്ച്. (നം. 645/എൽ.ഒ/2015/ജി.സി.ഡി.എ.)*

ശ്രീ.എ.എക്സ്.ഗിൽബർട്ട് മുതൽ പേർ ബഹു.സുപ്രീംകോടതിയിൽ ഫയൽ ചെയ്ത എസ്.എൽ.പി 22084/15 നമ്പർ കേസിൽ എതിർ സത്യവാങ്മൂലം ഫയൽ ചെയ്തതിനും വിവിധ ദിവസങ്ങളിൽ ബഹു.കോടതിയിൽ ഹാജരായതിനും ചെലവും ഉൾപ്പെടെ 1,15,000/- രൂപ വക്കീൽ ഫീസായി അനുവദിക്കുന്നതിന് തീരുമാനിച്ചു.

**29. തീരുമാനം നമ്പർ 64/2016-17**

*ജി.സി.ഡി.എ. - ധനകാര്യ വിഭാഗം - ജീവനക്കാർക്ക് വർദ്ധിത നിരക്കിലുള്ള ക്ഷാമബത്ത നൽകുന്നത്- സംബന്ധിച്ച്. (നം. 4661/എഫ്.ബി5/2013/ജി.സി.ഡി.എ.)*

05.05.16 ലെ സ.ഉ(പി) നം.61/2016/ഫിൻ പ്രകാരം അതോറിറ്റി ജീവനക്കാർക്ക് 01.01.2016 മുതൽ 9% നിരക്കിൽ ക്ഷാമബത്ത അനുവദിച്ച നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

19.01.2017 ലെ സ.ഉ(പി)നം.6/2017/ഫിൻ പ്രകാരം സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത നിരക്ക് 9% ൽനിന്നും 12% ആയി 01.07.2016 മുതൽ വർദ്ധിപ്പിച്ച് നൽകാൻ ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അതോറിറ്റി ജീവനക്കാർക്കും വർദ്ധിപ്പിച്ച ഡിഎ നൽകുന്നതിന് തീരുമാനിച്ചു.

**30. തീരുമാനം നമ്പർ 65/2016-17**

*ജി.സി.ഡി.എ.-എഞ്ചിനീയറിംഗ് വിഭാഗം- കോട്ടുവള്ളി ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സിൽ ലിഫ്റ്റ്, എ.സി. എന്നിവ സ്ഥാപിക്കുന്നതിനുള്ള അനുവാദം ലഭ്യമാക്കുന്നത് - സംബന്ധിച്ച്. (നം. 6767/ഇ3/2016/ജി.സി.ഡി.എ.)*

വിഷയം മാറ്റി വയ്ക്കുന്നതിന് തീരുമാനിച്ചു.

**31. തീരുമാനം നമ്പർ 66/2016-17**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - സി.എം.ഡി.എസ്. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ഓപ്പറേഷൻ & മെയിന്റനൻസ്-ന്റെ പുതിയ ടെണ്ടർ ക്ഷണിക്കുന്നതിനുള്ള അനുമതിയെ - സംബന്ധിച്ച്. (നം. ഇ3/2523/2015/ജി.സി.ഡി.എ.)*

സി.എം.ഡി.എസ് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ഓപ്പറേഷൻ & മെയിന്റനൻസ് പ്രവൃത്തിയ്ക്കായി പുതിയ ടെണ്ടർ ക്ഷണിക്കുന്നതിന് തീരുമാനിച്ചു.

**32. തീരുമാനം നമ്പർ 67/2016-17**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - കൊച്ചി മറൈൻ ഡ്രൈവ് ഷോപ്പിംഗ് കോംപ്ലക്സ് - ശുചീകരണ പ്രവൃത്തിയുടെ ടെണ്ടർ വിളിക്കുന്നതിനുള്ള അനുവാദം - സംബന്ധിച്ച്. (നം. ഇ3/5594/2015/ജി.സി.ഡി.എ.)*

കൊച്ചി മറൈൻഡ്രൈവ് ഷോപ്പിംഗ് കോംപ്ലക്സിലെ ശുചീകരണ പ്രവൃത്തിയുടെ കരാർ കാലാവധി കഴിഞ്ഞതിനാൽ പുതിയ ടെണ്ടർ വിളിക്കുന്നതിന് തീരുമാനിച്ചു.

**33. തീരുമാനം നമ്പർ 68/2016-17**

*ജി.സി.ഡി.എ. - ധനകാര്യ വിഭാഗം - 2013-14 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - മറുപടി അംഗീകരിക്കുന്നത് - സംബന്ധിച്ച്. (നം. 5646/എഫ്.സി.3/2014/ജി.സി.ഡി.എ.)*

2013-14 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ മറുപടി അംഗീകരിക്കുന്നതിനും സംസ്ഥാന ലോക്കൽ ഫണ്ട് ഓഡിറ്റിന് സമർപ്പിക്കുന്നതിനും തീരുമാനിച്ചു.

**34. തീരുമാനം നമ്പർ 69/2016–17**

*ജി.സി.ഡി.എ. – എഞ്ചിനീയറിംഗ് വിഭാഗം – ചങ്ങമ്പുഴ പാർക്ക് ടോയ്‌ലറ്റുകളുടെ നവീകരണം – എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് – സംബന്ധിച്ച്. (നം. ഇ2/7962/2016/ജി.സി.ഡി.എ.)*

വിഷയം മാറ്റി വയ്ക്കുന്നതിന് തീരുമാനിച്ചു.

**35. തീരുമാനം നമ്പർ 70/2016–17**

*ജി.സി.ഡി.എ. – പൊതുഭരണ വിഭാഗം – അതോറിറ്റി മുൻ ചെയർമാൻ താമസിച്ചിരുന്ന ഗസ്റ്റ് ഹൗസിലെ സിവിൽ, ഇലക്ട്രിക്കൽ ബാദ്ധ്യതകൾ – നോട്ടീസ് നൽകിയത് – സാധൂകരണം സംബന്ധിച്ച്. (നം. 8157/ജി3/2016/ജി.സി.ഡി.എ.)*

അതോറിറ്റി വക ചെയർമാന്റെ ഗസ്റ്റ് ഹൗസിൽ ഉപയോഗിച്ചു വന്നിരുന്ന സിവിൽ & ഇലക്ട്രിക്കൽ സാധനങ്ങളിൽ കുറവ് കണ്ടെത്തിയതിനെ തുടർന്ന് ടി ഗസ്റ്റ് ഹൗസിൽ താമസിച്ചിരുന്ന മുൻ ചെയർമാന് ജിസിഡിഎ സെക്രട്ടറി ബാദ്ധ്യത തീർക്കുന്നതിന് കത്ത് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

യോഗം 1.00 മണിക്ക് അവസാനിച്ചു.

(ഒപ്പ്)
ചെയർമാൻ
വിശാല കൊച്ചി വികസന അതോറിറ്റി